കേരളത്തിന് അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ കുറവ്

102 (116) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ കുറവിൽ കേന്ദ്ര സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയുടെ അളവിൽ എന്തുമാത്രം കുറവാണ് ഉണ്ടായിട്ടുള്ളത് ; ഇപ്പോൾ സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് എത്രലിറ്റർ മണ്ണെണ്ണയാണ് വിതരണം ചെയ്യുന്നത് ;

(സി) മണ്ണെണ്ണ പൂർണ്ണതോതിൽ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ് ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിന് പ്രതിമാസം 23160 കി.ലി. മണ്ണെണ്ണയാണ് കേന്ദ്രത്തിൽനിന്നും അനുവദിച്ചുകൊണ്ടിരുന്നത്. 2010 ഏപ്രിൽ മാസം മുതൽ മണ്ണെണ്ണയുടെ അലോട്ടുമെന്റിൽ 4404 കി.ലി.ന്റെ കുറവ് വരുത്തി. ഇപ്പോൾ 18756 കി.ലി. മണ്ണെണ്ണയാണ് അനുവദിക്കുന്നത്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി കേന്ദ്ര സർക്കാർ മണ്ണെണ്ണ അനുവദിക്കുന്നില്ല. മാത്രവുമല്ല പൊതുവിതരണശൃംഖലവഴി വിറ്റഴിക്കാനായി കേന്ദ്രത്തിൽനിന്നും അനുവദിക്കുന്ന മണ്ണെണ്ണ വിളക്കു കത്തിക്കുന്നതിനും ഗാർഹിക പാചകാവശ്യത്തിനും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന് പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കാര്യം പ്രത്യേകമായി പരിഗണിച്ച് കേരള സർക്കാർ, കേന്ദ്രത്തിൽനിന്നും അനുവദിക്കുന്ന മണ്ണെണ്ണയിൽനിന്നും പ്രതിമാസം 2532 കിലോ ലിറ്റർ മണ്ണെണ്ണ മത്സ്യബന്ധനത്തിനായി അനുവദിച്ചുവരുന്നു.

(സി) പൂർണ്ണതോതിൽ മണ്ണെണ്ണ വിഹിതം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിളക്ക് കത്തിക്കുന്നതിനും പാചകത്തിനും മാത്രമേ മണ്ണെണ്ണ ഉപയോഗിക്കാവൂ എന്ന നിലപാടാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. വർദ്ധിച്ചതോതിൽ എൽ.പി.ജി. കണക്ഷനും, വൈദ്യുതി കണക്ഷനും നല്കുന്നുവെന്നതിന്റെ പേരിലാണ് മണ്ണെണ്ണയുടെ അലോട്ട്മെന്റിൽ കേന്ദ്രം കുറവ് വരുത്തുന്നത്. മത്സ്യബന്ധന മേഖലയ്ക്ക് മണ്ണെണ്ണക്ക് പകരം എൽ.പി.ജി. ഔട്ട് ബോർഡ് എഞ്ചിൻ ഉപയോഗിക്കാനും കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ

LIBRARY ARCHIVES Kerala Legislative Assembly

പി.ഡി.എസ്. മണ്ണെണ്ണ വിഹിതത്തിൽ വർദ്ധനവ് വരുത്തുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അനുകൂലമല്ല. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് നോൺ-പി.ഡി.എസ്. മണ്ണെണ്ണ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

കെപ്കോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

103 (117) ശ്രീ. എം. മുരളി :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെപ്കോ) പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത രംഗത്ത് ട്രെയിനിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിന് കെപ്കോ പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഇതിനായി ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ)യുമായി എന്തെങ്കിലും കരാറിലേർപ്പെട്ടിട്ടുണ്ടോ ;

(ഡി) പൗൾട്രിയുമായി ബന്ധപ്പെട്ട എന്തൊക്കെ പുതിയ കോഴ്സുകൾ നടത്താനാണ് കെപ്കോ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികളും, പ്രവർത്തനങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ) നടത്തുന്ന 6-മാസം ദൈർഘ്യമുള്ള "സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ്" ഒരു വർഷം ദൈർഘ്യമുള്ള "ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി" തുടങ്ങിയ കോഴ്സുകൾ കെപ്കോ മുഖേന നടത്തുവാൻ സ്റ്റഡി സെന്റർ അനുവദിച്ചിട്ടുണ്ട്.

ഹൈടെക് മാംസോത്പാദന യൂണിറ്റ്

104 (118) ശ്രീ. എ. പി. അനിൽകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly